©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ഒക്ടോബർ 2
2nd October 2018
1194 കന്നി 16
16th Kanni 1194
1940 ആശ്വിനം 10
10th Aswina 1940

നമ്പർ
No. 39

# PART III

# Education Department

### Collegiate Education Department

ലേല പരസ്യം

നമ്പർ എ 3/761/2014. 2018 സെപ്റ്റംബർ 19.

കാസറഗോഡ് ഗവ. കോളേജിലെ കോമ്പൗണ്ടിനകത്ത് വിവിധ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ (അക്കാദമിക് ബ്ലോക്ക്, കാന്റീൻ വിത്ത് ലേഡീസ് അമിനിറ്റി സെന്റർ, ഓപ്പൺ സ്റ്റേജ്) നിലനിന്നിരുന്ന പതിനാല് തേക്ക്മരം, ഒൻപത് വട്ടമരം, മൂന്ന് മരുത് മരം എന്നിവ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുറിച്ച് മാറ്റിയിട്ടുണ്ട്. പ്രസ്തുത മരങ്ങളുടെ തടിയും വിറകും 9-10-2018-ന് രാവിലെ 11 മണിക്ക് കോളേജ് ആഫീസിൽ നിന്നും പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. അന്നേദിവസം ലേലം നടന്നില്ലെങ്കിൽ 10-10-2018-നും അന്നേദിവസം നടന്നില്ലെങ്കിൽ 12-10-2018-നും മേൽ പറഞ്ഞ അതേ സമയത്ത് ലേലം നടത്തുന്നതായിരിക്കും. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ` 6,000 നിരതദ്രവ്യം ആഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ തിരിച്ചറിയൽ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോളേജ് ആഫീസിൽ ഹാജരാക്കേണ്ടതാണ്. ലേലത്തുകയുടെ 35% അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കിയുള്ള മുഴുവൻ തുകയും നിയമപ്രകാരമമുള്ള നികുതികളായ സേവന നികുതി, ചരക്ക് സേവന നികുതി എന്നിവ ഉൾപ്പെടെ ഏഴ് ദിവസത്തിനുള്ളിൽ ആഫീസിൽ നിർബന്ധമായും അടയ്ക്കേണ്ടതാണ്. ലേലം കൊള്ളുന്ന ആൾ സ്വന്തം ചെലവിൽ മേൽ പറഞ്ഞ വസ്തുവകകൾ കൊണ്ടുപോകേണ്ടതാണ്. ലേലം ചെയ്യാനുദ്ദേശിക്കുന്ന മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പ്രിൻസിപ്പാളിന്റെയോ അധികാരപ്പെടുത്തിയ ആളിന്റേയോ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ലേലം സംബന്ധിച്ച കേരള സർക്കാരിന്റെ നിലവിലുള്ള നിയമങ്ങൾ പ്രസ്തുത ലേലത്തിനും ബാധകമായിരിക്കും. പ്രത്യേകിച്ച് കാരണം കാണിക്കാതെ ലേലം നിർത്തിവെക്കുന്നതിനോ മാറ്റിവെക്കുന്നതിനോ പുനർലേലം ചെയ്യുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കോളേജ് ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ഗവൺമെന്റ് കോളേജ്, (ഒപ്പ്)
കാസറഗോഡ്. പ്രിൻസിപ്പാൾ.